File No. DIC/3255/2020-EE1

"ഭരണഭാഷ-മാതൃഭാഷ"

**വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം**
**വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം**
**(അവതരണം : ഭണ്ഡാരി സ്വാഗത് രൺവീർചന്ദ് ഐ.എ.എസ്.)**

ഡി.ഐ.സി./3255/2020-ഇഇ 1 തീയതി : 09.07.2021

വിഷയം:- വ്യവസായം - ജീവനക്കാര്യം - 31.12.2019 വരെയുള്ള കാലയളവിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ഫോർമാൻ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലെ സംസ്ഥാനതല അന്തിമ സംയോജിത മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം:- ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള 12.11.2020 തീയതിയിലെ പരിപത്രം.

31.12.2019 വരെയുള്ള കാലയളവിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ഫോർമാൻ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ സംസ്ഥാനതല താൽക്കാലിക സംയോജിത മുൻഗണനാപട്ടിക പരാമർശം പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത കാലയളവിലുള്ള എല്ലാ ഫോർമാൻ/ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെയും വിവരങ്ങൾ താല്ക്കാലിക സംയോജിത മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി ആയത് സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുവാനും, പ്രസ്തുത മുൻഗണനാപട്ടിക സംബന്ധിച്ച് ടി തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും ആക്ഷേപങ്ങൾ/പരാതികൾ ഉള്ള പക്ഷം ആയതും സമർപ്പിക്കുവാനും മേൽ പരിപത്ര പ്രകാരം അറിയിച്ചിരുന്നു.

എന്നാൽ താല്ക്കാലിക സംയോജിത മുൻഗണനാപട്ടിക സംബന്ധിച്ച് യാതൊരു ആക്ഷേപങ്ങളോ പരാതികളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടില്ല

താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നതിൽ ശ്രീ ശ്യം. എസ്, ഫോർമാൻ (ടൂൾ റൂം) ന്റെ സീനിയോരിറ്റി ബഹു. കേരള ഹൈക്കോടതിയിലെ OP (KAT) No. 289/2018 നമ്പർ കേസിലെ വിധിക്കനുസൃതമായി പുന:പരിശോധിക്കും എന്ന് സൂചിപ്പിച്ചിരുന്നു. ടി കേസിലെ വിധിക്കനുസൃതമായി ഫോർമാൻ (ടൂൾ റൂം) തസ്തികയുടെ റിവ്യൂ ഡി.പി.സി. (ലോവർ) ചേരുകയും റിവ്യൂ സെലക്ട് ലിസ്റ്റ് 01.07.2021 ലെ 1909 നമ്പർ അസാധാരണ ഗസറ്റ് ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 08.07.2021 ലെ DIC/3679/2019-ED4 നമ്പർ നടപടിക്രമം പ്രകാരം ശ്രീ ശ്യം. എസ്, ഫോർമാൻ (ടൂൾ റൂം) ന്റെ പ്രൊവിഷണൽ പ്രൊമോഷൻ 02.07.2014 മുതൽ റഗുലറൈസ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

ആയതിനാൽ 31.12.2019 വരെയുള്ള കാലയളവിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ഫോർമാൻ/ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ സംസ്ഥാനതല സംയോജിത മുൻഗണനാപട്ടിക ചുവടെ പറയും പ്രകാരം അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

File No. DIC/3255/2020-EE1

## ഉത്തരവ്

പരാമർശം പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 31.12.2019 വരെയുള്ള കാലയളവിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ഫോർമാൻ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലെ സംസ്ഥാനതല താല്ക്കാലിക സംയോജിത മുൻഗണനാപട്ടിക അന്തിമമായി പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് ആകുന്നു.

കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിലെ ഫോർമാൻ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലെ സംസ്ഥാനതല അന്തിമ സംയോജിത മുൻഗണനാപട്ടിക വ്യവസായ വാണിജ്യ വകുപ്പിന്റെ **industry.kerala.gov.in** എന്ന വെബ് സൈറ്റിൽ പരിശോധനയ്ക്ക് ലഭ്യമാണ്. എല്ലാ ഓഫീസ് മേലധികാരികളും പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പെടുത്ത് ബന്ധപ്പെട്ട ഓഫീസുകളിൽ പരസ്യപ്പെടുത്തി ജീവനക്കാർക്ക് (അവധി/അന്യത്ര സേവനത്തിൽ ഉള്ള ജീവനക്കാർ ഉൾപ്പെടെ) പരിശോധിക്കാൻ അവസരം ഒരുക്കേണ്ടതും ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം / കൈപ്പറ്റ് രസീത് 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വ്യവസായ വാണിജ്യ ഡയറക്ടർ**

സ്വീകർത്താവ് :-

1. ഡെപ്യൂട്ടി ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ചങ്ങനാശ്ശേരി.
2. അസിസ്റ്റന്റ് ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, മഞ്ചേരി
3. ഇ.ഡി. സെക്ഷൻ
4. അധിക/സൂക്ഷിപ്പ് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സ്പെഷ്യൽ ഓഫീസർ**

File No.DIC/3255/2020-EE1

## FINAL COMBINED SENIORITY LIST OF FOREMAN/TECHNICHAL ASSISTANT WORKING IN COMMON FACILITY SERVICE CENTRES AS ON 31.12.2019

| Sl. No | Seniority No. | Name | Date of birth | Qualification | No & Date of Advice/G.O | No & Date of Appoinment | Promotion order No | Date of Seniority | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | 1/14 | Syam. S | 15.05.1981 | Diploma in Mechanical Engg., Diploma in Fire Safety Engg.,Diploma in Rubber Technology (DIRI), JDC, A/C (L) | NA | NA | ED 4/8978/2010 dated:02.07.2014 | 02.07.2014 | Foreman (Tool Room) |
| 2 | 2/15 | Vinodkumar. G | 06.12.1972 | Diploma in Electrical Engg., A/C (L) | NA | NA | ED4/8978/2010 dated:20.11.2015 | 20.11.2015 | Foreman (Rubber) |
| 3 | 01/17 | Shan.P.R | 30.12.1980 | BSc Polymer Chemistry,PG Diploma in Plastic Processing Technology, Diploma in Rubber Technology (DIRI), A/C(L) | RIC(2)4974/17/GW dated:15.05.2017 | ED4/10753/2017 dated:05.06.2017 | NA | 15.05.2017 | Foreman (Plastic) |

Sd/-

**Director of Industries and Commerce**

**Approved for Issue**

(signature)

**Special Officer**